പാഠം 11

# വേലയും ക്രിസ്ത്യാനിയും

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ഉല്പത്തി 3:19; ആവർത്തനം 16:15; പുറപ്പാട് 25:10–30:38; ഗലാത്യർ 5:22–26; സഭാപ്രസംഗി 9:10; 1 കൊരിന്ത്യർ 10:31.**

**മനഃപാഠവാക്യം: "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ" (1 കൊരിന്ത്യർ 15:58).**

വേല എന്നത് ദൈവത്തിന്റെ ആശയമാണ്. പാപത്തിനുമുമ്പുള്ള അത്യുത്തമമായ ലോകത്തിൽ, ആദാമിനും ഹവ്വയ്ക്കും ദൈവം തോട്ടം പരിപാലിക്കുന്നതിനുള്ള ദൗത്യം നല്കി (ഉല്പത്തി 2:15). ആരുടെ സ്വരൂപത്തിലാണോ അവർ ഉണ്ടാക്കപ്പെട്ടത് ആ സ്രഷ്ടാവിനെപോലെ, അവർ സ്നേഹത്തോടുകൂടിയ സേവനത്തിലും ക്രിയാത്മകമായ തൊഴിലിലും ഏർപ്പെടണമായിരുന്നു. അതായത്, വീഴ്ച ഭവിക്കാത്ത ഒരു ലോകത്തിൽ പോലും, കഷ്ടതയും മരണവും പാപവും ഇല്ലാത്ത ഒരു ലോകത്തിൽ മനുഷ്യർ വേല ചെയ്യണമായിരുന്നു.

ഈ 'ഇടയിലുള്ള സമയത്ത്' (അത്യുത്തമമായ ലോകത്തിനുശേഷവും വാഗ്ദത്ത ലോകത്തിനു മുമ്പും), വേലയെ ഒരു ദൈവത്തിന്റെ അനുഗ്രഹമായി കണക്കാക്കാൻ നാം ക്ഷണിക്കപ്പെടുകയാണ്. ജൂതർക്കിടയിൽ, ഓരോ പൈതലിനെയും ഒരു തൊഴിൽ പഠിപ്പിച്ചിരുന്നു. വാസ്തവത്തിൽ, അവന്റെ മകനെ ഒരു തൊഴിൽ പഠിപ്പിക്കാത്ത പിതാവ് ഒരു കുറ്റവാളിയെ വളർത്തുമെന്ന് പറയപ്പെട്ടിരുന്നു. ഇതിനിടയിൽ, ദൈവപുത്രനായ യേശു തന്റെ പിതാവിന്റെ ഇഷ്ടം ചെയ്തുകൊണ്ട് ഒരു സത്യസന്ധനായ ഒരു വിദഗ്ദ്ധ തൊഴിലാളിയായി തന്റെ വേല ചെയ്തുപോന്നു, ഒരുപക്ഷേ നസറത്തിലെ ജനങ്ങൾക്ക് ആവശ്യമായ വീട്ടുപകരണങ്ങളും കൃഷിക്കാവശ്യമായ ഉപകരണങ്ങളും നൽകിക്കൊണ്ട് (മർക്കൊസ് 6:3). ഇതും മുന്നിലുള്ള ശുശ്രൂഷയ്ക്കായി അവനെ ഒരുക്കുന്നതിന്റെ ഭാഗമായിരുന്നു. അപ്പൊസ്തലനായ പൗലൊസ് പ്രിസ്കില്ലയോടും അക്വിലാസിനോടും ഒപ്പം ഒന്നര വർഷം ഒരു കൂടാരപ്പണിക്കാരനായി വേല ചെയ്തപ്പോഴും ശബ്ബത്തിൽ ജൂതപ്പള്ളിയിൽ വാദപ്രതിവാദത്തിലേർപ്പെട്ടപ്പോഴും അവൻ കർത്താവിന്റെ വേല ചെയ്യുകയായിരുന്നു (അ.പ്ര. 18:1–4; 2 തെസ്സലൊനീക്യർ 3:8–12).

**ഈ ആഴ്ചയിൽ നാം വേലയെയും അതിന് ക്രിസ്തീയ വിദ്യാഭ്യാസത്തിലുള്ള പങ്കിനെയും സംബന്ധിച്ച് പഠിക്കും.**

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഡിസംബർ 12 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## വേലയുടെ വിവിധ വശങ്ങൾ

**“ജീവപര്യന്തം സന്തോഷിക്കുന്നതും സുഖം അനുഭവിക്കുന്നതും അല്ലാതെ ഒരു നന്മയും മനുഷ്യർക്ക് ഇല്ല എന്നു ഞാൻ അറിയുന്നു. ഏതു മനുഷ്യനും തിന്നുകുടിച്ച് തന്റെ സകല പ്രയത്നംകൊണ്ടും സുഖം അനുഭവിക്കുന്നതും ദൈവത്തിന്റെ ദാനം ആകുന്നു” (സഭാപ്രസംഗി 3:12,13).**

“വേല”– കൂട്ടിച്ചേർക്കലൊന്നുമില്ലാത്ത ഒരു ഉറച്ച ആംഗലേയ-സാക്സൺ പദമാണ്. ആംഗലേയഭാഷയിൽ ഏകസ്വരാക്ഷരഗണം, എന്നിട്ടും അതിന് അനേകം സാധ്യമായ അർത്ഥങ്ങളുണ്ട്. ആവശ്യം ആയതുകൊണ്ട്, ആഹാരത്തിനും, ബില്ലുകൾ അടയ്ക്കാനും ദുരിതകാലത്തേക്ക് കുറച്ച് സ്വരൂപിച്ചുവെക്കാനുമായി നാം വേല ചെയ്യുന്നു. ഒരു മോശമായ വേലയുടെ അന്തരീക്ഷത്തിൽ പൊരുത്തപ്പെട്ടു പോകുന്നത് ജോലി നഷ്ടപ്പെടുന്നതിനെക്കാൾ നല്ലതാണ്.

വേല ഒരു വ്യക്തിക്ക് ഒരു മൂല്യബോധം നൽകുന്നു. നിങ്ങൾ എന്തു ചെയ്യുന്നു? നിങ്ങൾ എന്താണ്? എന്നൊക്കെ ചോദിക്കുന്നതിനുള്ള ഉത്തരം നൽകുന്ന പൊതുമാർഗ്ഗമാണ് ജോലി. വിരമിച്ച മിക്കവരും കഴിയുന്നിടത്തോളം ഭാഗികമായ വേലയിൽ തുടരുന്നു, വേതനത്തിനായോ അല്ലെങ്കിൽ സ്വമേധയായോ. പ്രഭാതത്തിൽ എഴുന്നേൽക്കുന്നതിനുള്ള ഒരു കാരണമാണ് ജോലി. ഒരു യുവാവിനോ യുവതിക്കോ ഒരു വേല നൽകൂ, അപ്പോൾ കുറ്റകൃത്യങ്ങളിലേർപ്പെടാൻ ഒരാളുകൂടെ കുറവാകും.

**ഉല്പത്തി 3:19 വായിക്കുക. ഇവിടുള്ള പശ്ചാത്തലം എന്താണ്, വേലയുടെ വേറൊരു വശത്തെക്കുറിച്ച് അതു നമ്മോട് എന്താണു പറയുന്നത്, ചിലർക്കെങ്കിലും?**

വീഴ്ചയ്ക്കു മുമ്പ് നല്കപ്പെട്ടിരുന്ന വേല വീഴ്ചയ്ക്കുശേഷം പെട്ടെന്നു മാറുന്നു. ഇവിടെ വേലയുടെ വേറൊരു വശം പ്രതിപാദിക്കുന്നു. ചിലർക്ക്, വേല എന്നാൽ ദിനംപ്രതിയുള്ള അദ്ധ്വാനത്തിന്റെ വിരസത മാത്രമാണ്, അത് മരണത്തോടെ അവസാനിക്കും. അവർ വെറുക്കുന്ന വേലയിൽ അവർ അദ്ധ്വാനിച്ചുകൊണ്ടേയിരിക്കും, ആരോഗ്യം ഉള്ളപ്പോൾത്തന്നെ വിരമിക്കാമെന്ന ആഗ്രഹത്തോടെ. മറ്റുള്ളവർക്ക്, വേല ഒരുവന്റെ ജീവിതത്തെ തന്നെ കൈയടക്കാം, ഒരുവന്റെ നിലനില്പിന്റെ തന്നെ കേന്ദ്രം, ഒരുവന്റെ വ്യക്തിത്വത്തിന്റെ സർവ്വോന്മുഖമായ സ്രോതസ്സ്. അവർ വേലയിൽനിന്ന് ഒഴിഞ്ഞുനില്ക്കുമ്പോൾ, ഇവർക്ക് വിഷാദമോ സ്ഥിരതയില്ലായ്മയോ തോന്നാം, എന്തു ചെയ്യണമെന്നോ എങ്ങോട്ടു തിരിയണമെന്നോ ഉറപ്പില്ലാത്ത സ്ഥിതി. വിരമിച്ചുകഴിയുമ്പോൾ, അവർ ശാരീരികമായോ മനഃശാസ്ത്രപരമായോ തകർന്നുപോകയോ മിക്കപ്പോഴും സമയമെത്താതെ മരിക്കയും ചെയ്യും.

ദൈവത്തിന്റെ രീതിയിൽ എങ്ങനെ വേല ചെയ്യണമെന്ന് ക്രിസ്ത്യാനികൾ പഠിക്കേണ്ടതുണ്ട്. ശരിയായി മനസ്സിലാക്കിയാൽ, ഒരുവന്റെ ജീവവേല എന്നത് ശുശ്രൂഷയ്ക്കുള്ള ഒരു വേദിയാണ്, ദൈവത്തോടുള്ള ഒരുവന്റെ ബന്ധത്തിന്റെ പ്രകടനം. ഒരു ഗുരുവിന്റെ ദൗത്യത്തിന്റെ ഒരു ഭാഗം അവരുടെ താലന്തുകളും ദൈവദാനമായ താല്പര്യങ്ങളും ലോകത്തിന്റെ ആവശ്യങ്ങളുമായി ചേർന്നുപോവുന്ന ഒരു വേല കണ്ടെത്തിക്കൊടുക്കുക എന്നതാണ്.

**നിങ്ങൾ എന്തു ചെയ്യുന്നു? അതായത്, നിങ്ങളുടെ ജീവിതംകൊണ്ട് നിങ്ങൾ എന്താണ് ചെയ്യുന്നത് അങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങൾക്ക് ദൈവത്തെ എങ്ങനെ കൂടുതൽ മഹത്വപ്പെടുത്താം?**

## പ്രകൃതിയും വേലയും

തൊഴിൽ അല്ലെങ്കിൽ വേല കൈകാര്യം ചെയ്യുന്നത് ജീവിതത്തിന്റെ "ചെയ്തുകൊണ്ടിരിക്കൽ" ആണ്. ഏറ്റവും ബുദ്ധിപരമായ വേലകൾ ചെയ്യുന്നവൻപോലും ഏതെങ്കിലും തരത്തിലുള്ള ശാരീരിക വേല ചെയ്യുന്നതിൽ എത്തിച്ചേരും, അത് വെറുതെ കമ്പ്യൂട്ടർ ബട്ടണുകൾ അമർത്തുന്നതും ഉൾപ്പെടും.

**തുടർന്നുള്ള വാക്യങ്ങൾ നമ്മെ വേലയെക്കുറിച്ച് എന്തു പഠിപ്പിക്കുന്നു- 'കൈകൾ' ഒരു അടയാളമായി ഉപയോഗിച്ച്?**

ആവർത്തനം 16:15 ____________________

സഭാപ്രസംഗി 9:10 ____________________

സദൃശ. 21:25 ____________________

യിരെമ്യാവ് 1:16 ____________________

നമുക്ക് സന്തോഷവും പൂർത്തീകരണവും കണ്ടെത്തുന്നതിന് ദൈവം നമുക്ക് "നമ്മുടെ കൈകളുടെ പ്രവൃത്തി" നല്കിയിട്ടുണ്ട് (സദൃശ. 10:4; 12:14).

മനഃശാസ്ത്രത്തിൽ "സ്വയ സാഫല്യം" വിവരിക്കുന്നത് ജീവിതത്തിൽ എന്തെങ്കിലും അർത്ഥവത്തായത് നേടിയെടുക്കാനുള്ള കഴിവ് ഓരോരുത്തർക്കും ഉണ്ടെന്നുള്ള വിശ്വാസമാണ്. "ഞാൻ ചിന്തിക്കുന്നു എനിക്ക് കഴിയും", "ഞാൻ ചിന്തിക്കുന്നു എനിക്കു കഴിയും" എന്ന് ആവർത്തിക്കുന്നതുകൊണ്ട് സ്വയ സാഫല്യം വർദ്ധിക്കുന്നില്ല. വാസ്തവമായും എന്തെങ്കിലും ചെയ്യുന്നതാണ് സ്വയ സാഫല്യം വർദ്ധിപ്പിക്കുന്നത്.

"നമ്മുടെ കൈകളുടെ പ്രവൃത്തി" നമുക്കുള്ള ദൈവത്തിന്റെ അനുഗ്രഹം ആയിരിക്കുമ്പോഴും ഒരു അർത്ഥവത്തായ ജീവിതം നയിക്കാൻ നമ്മെ അനുവദിക്കുമ്പോഴും, ദൈവത്തിന്റെ ആത്യന്തികമായ പദ്ധതി "നമ്മുടെ കൈകളുടെ പ്രവൃത്തി" മറ്റുള്ളവരെ അനുഗ്രഹിക്കുമെന്നാണ്. നാം അദ്ധ്വാനിക്കണമെന്ന് പൗലൊസ് എഴുതുന്നു, പ്രയോജനകരമായത് എന്തെങ്കിലും നമ്മുടെ കൈകൾകൊണ്ട് ചെയ്തുകൊണ്ട്, അങ്ങനെയാകുമ്പോൾ, നമുക്ക് മറ്റുള്ളവരുമായി എന്തെങ്കിലും പങ്കുവയ്ക്കാനുണ്ടാകും. നിശ്ചയമായും പൗലൊസ് ആ തത്വമനുസരിച്ചാണ് ജീവിച്ചത്. "എന്റെ മുട്ടിനും എന്നോടുകൂടെയുള്ളവർക്കുംവേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചു എന്ന് നിങ്ങൾ തന്നെ അറിയുന്നുവല്ലോ. ഇങ്ങനെ പ്രയത്നം ചെയ്തു പ്രാപ്തിയില്ലാത്തവരെ സഹായിക്കുകയും, വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടത് എന്ന് ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു" (അ.പ്ര. 20:34,35).

യിരെമ്യാവിന്റെ ലളിതമായ പ്രാർത്ഥന ആയിരിക്കണം നമ്മുടേതും: "ദൈവമേ, എന്റെ കൈകളെ ബലപ്പെടുത്തണമേ."

**നിങ്ങളുടെ വേലയോടുള്ള നിങ്ങളുടെ മനോഭാവം എന്താണ്? മറ്റുള്ളവർക്ക് കൂടുതൽ അനുഗ്രഹമായിരിപ്പാൻ നിങ്ങളുടെ വേലയെ നിങ്ങൾ എന്തെല്ലാം രീതികളിൽ ഉപയോഗിക്കാൻ കഴിയും?**

## വേലയും വൈശിഷ്ട്യവും

**പുറപ്പാട് 25:10–30:38 ഓടിച്ച് നോക്കുക.**

**ആരാധനയ്ക്കായി ഒരു ആലയം ഉണ്ടാക്കാൻ മോശെയോട് പറഞ്ഞപ്പോൾ ദൈവം എത്ര നിഷ്കർഷതയുള്ളവനായിരുന്നു? ഇത് നമ്മോട് ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് എന്തു പറയുന്നു?**

"അവനുവേണ്ടി" ഒരു കൂടാരം പണിയാൻ ദൈവം മോശെയോട് പറഞ്ഞപ്പോൾ, മോശെക്ക് പറയാമായിരുന്നു "പ്രശ്നം ഒന്നുമില്ല കർത്താവേ! ഞാൻ 40 വർഷം മുമ്പ് മിസ്രയീമിൽനിന്ന് ഓടിയ നാൾ മുതൽ ഞാൻ കൂടാരങ്ങൾ സ്ഥാപിക്കുന്നതാണ്. എനിക്ക് വെറുമൊരു നിമിഷം തരൂ!" ആ കാലത്തിലെ പകുതി സമയവും അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന മിദ്യാന്യസംസ്കാരത്തിലെ ഒരു മനുഷ്യന് ഒരു കൂടാരമടിക്കുക എന്നത് ലളിതമായ കാര്യമായിരുന്നു. അവനത് കണ്ണും പൂട്ടി ചെയ്യാമായിരുന്നു ഞൊടിയിടയിൽ, മനസ്സ് മറ്റു പ്രധാന കാര്യങ്ങളിൽ അർപ്പിച്ചുകൊണ്ട്. മോശെ പ്രതീക്ഷിക്കാതിരുന്നത് ഒരുപക്ഷേ വളരെ വിശദമായ ഒരു പ്രാഥമിക പദ്ധതിയോ അതിനോടൊപ്പം "എങ്ങനെ ചെയ്യണമെന്ന കുറിപ്പ്" അകമേയുള്ള ഓരോ ഉപകരണങ്ങളുടെയും പുരോഹിതന്റെ വസ്ത്രങ്ങൾക്കും – ഏകദേശം 150 നിർദ്ദേശങ്ങൾ. ഒരു ലളിതമായ മേശ ഉണ്ടാക്കുവാൻ മോശെക്ക് ഏഴു പടികളുള്ള ഒരു പ്രവർത്തനരീതി പിന്തുടരണമായിരുന്നു (പുറപ്പാട് 25:23–30).

അവന്റെ കൂടാരത്തിന്റെ പണിയിൽ ദൈവം കാണിച്ച വിശദാംശങ്ങളിലെ ശ്രദ്ധ (പിന്നീട് യാഗാനുഷ്ഠാനങ്ങളിലുള്ള നിർദ്ദേശങ്ങളിലും) വ്യക്തമാക്കുന്നത് നിലനില്ക്കുന്ന ഒരു ശ്രേഷ്ഠതയുടെ ആത്മാവിനെയാണ്, ഏറ്റവും ശ്രേഷ്ഠമായതിൽ കുറഞ്ഞതൊന്നും പാടില്ല എന്ന ആഗ്രഹം. ഉപയോഗിച്ച വസ്തുക്കൾ ഉയർന്ന നിലവാരമുള്ളവയായിരുന്നു, രൂപകല്പന കുറ്റമറ്റതും, വേല ഏറ്റവും ശ്രദ്ധേയമായിരിക്കണമായിരുന്നു– സന്ദേശം വളരെ വ്യക്തമായിരുന്നു: "ദൈവത്തിന് അടുക്കും ചിട്ടയുമില്ലാത്ത പണി സ്വീകാര്യമല്ല!" എന്നിരുന്നാലും, നിലവാരം ഉന്നതമായി തോന്നിയെങ്കിലും, ദൈവം തന്നെയാണ് പ്രേരകശക്തി, മാത്രമല്ല പിന്നെയോ അതിൽ എത്തിച്ചേരാനുള്ള മാനുഷിക സ്രോതസ്സുകളും നൽകിയത്. പുറപ്പാട് 31:1–6; 35:30–36:1 ൽ നാം വായിക്കുന്നത് ദൈവം തന്നെ ജനങ്ങൾക്ക് ആവശ്യമായ വൈദഗ്ദ്ധ്യം നൽകിയെന്നാണ്. ഈ മനുഷ്യർ "ആത്മാവിനാൽ നിറയപ്പെട്ടു", അത് അവർക്ക് എല്ലാ കരകൗശല പണികളിലും കഴിവും അറിവും നൽകി, അങ്ങനെയാവുമ്പോൾ "ദൈവം കല്പിച്ചതുപോലെ" ആലയത്തിന്റെയും അതിന്റെ സകല ഉപകരണങ്ങളുടെയും പണി മുമ്പോട്ട് പോകും (പുറപ്പാട് 36:1). ഇതിനുപുറമേ, രണ്ടു പ്രധാന രൂപകല്പനക്കാർക്കും "മറ്റുള്ളവരെ പഠിപ്പിക്കാൻ" പുറപ്പാട് 35:34 ഉള്ള കഴിവ് നൽകപ്പെട്ടിരുന്നു. ഈ രണ്ട് വ്യക്തികളും കഥയിൽ ഓരോരുത്തരായി ദൈവം തിരഞ്ഞെടുത്ത നേതാക്കന്മാർ എന്നു പറയുന്നുണ്ടെങ്കിലും, മറ്റു മനുഷ്യർക്കും അതേപോലുള്ള ദാനങ്ങൾ ലഭിക്കയും വേലയിൽ ചേരുകയും ചെയ്തു (പുറപ്പാട് 36:2). അപ്രകാരം, വീഴ്ച ഭവിച്ചു, പാപികളായ മനുഷ്യരാണ് എന്നതൊന്നും ഒരു ദൗത്യത്തെ ഏറ്റവും ഉന്നതമായ സമർപ്പണത്തിൽ കുറഞ്ഞതൊന്നും നൽകി ചെയ്യുന്നതിനുള്ള യുക്തിയുക്തമായ ഒഴികഴിവല്ല. നാം എപ്പോഴും ഏറ്റവും നന്നായി കാര്യങ്ങൾ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു, നമ്മുടെ കഴിവുകളും വൈദഗ്ദ്ധ്യവും സമയവും വിദ്യാഭ്യാസവും നല്ല രീതിയിൽ വലിയ കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തണം.

## ആത്മീയതയും വേലയും

"ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കുകയും ചെയ്ക" (ഗലാതൃർ 5:25). ഒരുവന്റെ വേലയും ആത്മീയതയും വേർപിരിക്കാനാവാത്തതാണ്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകയോ ഒരുവനു മാനസികാവസ്ഥയിൽ മാറ്റം വരികയോ ചെയ്യുംപോലെ ധരിക്കാവുന്നതോ ഊരി മാറ്റാവുന്നതോ ആയ ഒരു വസ്ത്രമല്ല ക്രിസ്ത്യാനിത്വം, പകരം, ക്രിസ്ത്യാനിത്വം, വേല ഉൾപ്പെടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അവനെയോ അവളെയോ വെളിവാക്കുന്ന ഒരു പുതിയ ജീവിയെ ക്രിസ്ത്യാനിത്വം സൃഷ്ടിക്കുന്നു.

**ഗലാതൃർ 5:22-26 വായിക്കുക. പൗലൊസ് വർണിക്കുന്ന ഏതു ദാനങ്ങൾ നിങ്ങളെയും നിങ്ങളുടെ വേലയെയും വർണിക്കുന്നു?**

പുതിയനിയമ വാക്കുകളുടെ എക്സ്പോസിറ്ററി നിഘണ്ടു "ആത്മീയം" എന്ന വാക്കിനെ വർണ്ണിക്കുന്നത് "അവന്റേതായ രീതിയിൽ ആത്മാവിന്റെ ഫലങ്ങളെ വെളിവാക്കുന്നവൻ" എന്നാണ്. ഇതിൽനിന്ന്, ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തിലൂടെ മനുഷ്യരാകുന്ന നമ്മൾ നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിശ്വാസികളായി പ്രവർത്തിക്കും എന്ന നിഗമനത്തിൽ നമുക്ക് എത്താം.

ഒരു രോഗി ഫ്ളോറിഡ ആശുപത്രിയിൽ മരണത്തോട് മല്ലടിക്കുകയായിരുന്നു, അടുത്ത് തന്റെ ഉറ്റമിത്രം ശ്രദ്ധയോടെ നോക്കിക്കൊണ്ടിരുന്നു. രോഗികളുടെ കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് നഴ്സുമാർ അകത്തേക്കും പുറത്തേക്കും വന്നുപൊയ്ക്കൊണ്ടിരുന്നു. സംഭാഷണം തുടർന്നുകൊണ്ടു പോകുവാൻ, നഴ്സുമാരോട് അവർ എവിടെയാണ് പരിശീലനം നേടിയതെന്ന് സുഹൃത്ത് ചോദിച്ചു. അനേകർ പറഞ്ഞത് അവർ ഫ്ളോറിഡ ആശുപത്രിയിലാണ് വിദ്യാഭ്യാസം നേടിയതെന്നാണ്. ഇതു സുഹൃത്തിൽ വലിയ മതിപ്പ് ഉളവാക്കി. അവൻ പിന്നീട് കാര്യങ്ങൾ എങ്ങനെയാണെന്നു കാണാൻ നിരവധി തവണ ഫ്ളോറിഡ ആശുപത്രി സന്ദർശിച്ചു. എന്തുകൊണ്ട്? കാരണം മരിച്ചുകൊണ്ടിരുന്ന തന്റെ സുഹൃത്തിന് മറ്റ് ആശുപത്രികളിൽ വിദ്യാഭ്യാസം സിദ്ധിച്ചവരെക്കാൾ കൂടുതൽ ആർദ്രതയും സ്ഥിരതയുള്ള ശ്രദ്ധയും ഫ്ളോറിഡ ആശുപത്രിയിലെ നഴ്സുമാർ നൽകിയതായി അവൻ ജനങ്ങളോടു പറഞ്ഞിരുന്നു. അതായത്, അവന്റെ മരിച്ചുകൊണ്ടിരുന്ന സുഹൃത്തിനോടുള്ള മനോഭാവത്തിൽ മറ്റു നഴ്സുമാരെ അപേക്ഷിച്ച് ഇവരുടെ കാര്യത്തിൽ ഒരു വലിയ വ്യത്യാസം അവനു കാണാൻ കഴിഞ്ഞു.

അങ്ങനെ, അവൻ കോളേജിനെക്കുറിച്ചും അതിന്റെ ദൗത്യത്തെക്കുറിച്ചും അനേകചോദ്യങ്ങൾ ചോദിച്ചു, ആത്യന്തികമായി അവൻ കണ്ടതുപോലുള്ള നഴ്സുമാരെ അഭ്യസിപ്പിക്കുന്നതിന് സമ്മാനമായി 100,000 നൽകി. അതേ, ആത്മീയത ഒരു ജീവിതശൈലിയാണ്.

**നിങ്ങളുടെ ജീവിതത്തിന്റെ ദൈനംദിന ദൗത്യങ്ങളിൽ നിങ്ങളുടെ ആത്മീയത നിങ്ങൾ എങ്ങനെ വെളിപ്പെടുത്തുന്നു? നിങ്ങൾക്ക് എന്ത് തരത്തിലുള്ള മതിപ്പാണ് ഉണ്ടാക്കാൻ കഴിയുക? (കാരണം, അന്തൃത്തിൽ, നിങ്ങൾ ഒരു മതിപ്പ് ഉളവാക്കിയേ തീരൂ).**

## കാര്യവിചാരകത്വവും വേലയും

"ചെയ്‌വാൻ നിനക്കു സംഗതി വരുന്നതൊക്കെയും ശക്തിയോടെ ചെയ്ക" (സഭാപ്രസംഗി 9:10). ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള കാര്യവിചാരകത്വത്തെ സംബന്ധിച്ച് ബുദ്ധിമാന്മാരിൽ ബുദ്ധിമാന്മാരായ മനുഷ്യർ ഈ ഉപദേശവാക്കുകളെ ഉപയോഗിക്കുന്നു.

ക്രിസ്തീയ കാര്യവിചാരകത്വത്തെക്കുറിച്ച് അഭിപ്രായം പറയാൻ പറഞ്ഞപ്പോൾ, അനേകരും അവരുടെ ചിന്തകൾ ക്രിസ്ത്യാനിയുടെ സാമ്പത്തിക ഉത്തരവാദിത്തത്തിലേക്ക് പരിമിതപ്പെടുത്തി. പണം നിശ്ചയമായും കാര്യവിചാരകത്തിന്റെ ഒരു പ്രധാന ഭാഗമാണെങ്കിലും, അതിനെ പണത്തിലേക്കു മാത്രം പരിമിതപ്പെടുത്തുന്നത് വളരെ ഇടുങ്ങിയതാണ്. പ്രസ്ഥാനപരമായ സിദ്ധാന്തത്തിൽ കാര്യവിചാരകത്വം എന്നത് ലഭ്യമായ സ്രോതസ്സുകളെ വികസിപ്പിക്കുകയും ശരിയായി ഉപയോഗിക്കുകയും ചെയ്ക എന്നത് നടത്തിപ്പുകാരുടെ ഉത്തരവാദിത്തമാണ്.

സഭയിൽ, എന്ത് സ്രോതസ്സുകൾ നൽകിയാണ് ദൈവം നമ്മെ അനുഗ്രഹിച്ചിട്ടുള്ളത്? ഓരോ വ്യക്തിക്കും സ്രഷ്ടാവ് നൽകിയ ദാനങ്ങളുണ്ടെന്ന് പത്രൊസ് വളരെ വ്യക്തമായി പ്രസ്താവിക്കുന്നു; അങ്ങനെ അനുഗ്രഹിക്കപ്പെട്ട ക്രിസ്ത്യാനികളെ "വിശുദ്ധ പുരോഹിതവർഗ്ഗം" എന്ന് പത്രൊസ് പ്രതിപാദിക്കുന്നു (1 പത്രൊസ് 2:5). അവർക്ക് ദൈവത്തിന്റെ ദാനങ്ങളായ ധനം, സമയം, ഊർജ്ജം, താലന്ത്, മറ്റുള്ളവ എന്നിവയൊക്കെ അവരുടെ കാര്യവിചാരകത്വത്തിൽ ദൈവത്തോട് ഉത്തരവാദിത്തമുണ്ട്.

**സഭാപ്രസംഗി 9:10 ഉം 1 കൊരിന്ത്യർ 10:31 ഉം വായിക്കുക. നാം എങ്ങനെ വേല ചെയ്യണമെന്നും ജനങ്ങളെ വേല ചെയ്യാൻ എങ്ങനെ അഭ്യസിപ്പിക്കണം എന്നതിനെക്കുറിച്ചും ഈ വാക്യങ്ങളിൽ നമുക്കുള്ള സന്ദേശം എന്താണ്?**

ജീവിതത്തിന്റെ വിവിധ മേഖലകളെ വേർതിരിച്ചു കാണുക എന്നതാണ് ഇന്നത്തെ ജീവിതത്തിലെ പൊതുവായ കെണികളിൽ ഒന്ന്. ചില അവസരങ്ങളിൽ ജീവിതത്തിന്റെ വിവിധ മേഖലകൾ തമ്മിൽ ബന്ധിപ്പിക്കാതെ ഒറ്റയായി കണ്ട് വേർതിരിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്, ചില സന്ദർഭങ്ങളിൽ ഇത് ആഗ്രഹിക്കാവുന്നതാണ്. ഉദാഹരണത്തിന്, ഒരുവന്റെ വേല ഭവനത്തിലേക്കു കൊണ്ടുവരുന്നത് നല്ലതല്ല, കാരണം അത് കുടുംബ ഉത്തരവാദിത്തങ്ങളിൽ ഇടപെടുന്നു; വിശ്രമവേളകളെ പിന്തുടരുന്നത് ഒരിക്കലും ദൈവവുമായുള്ള സമയം ചിലവഴിക്കൽ ഇല്ലാതാക്കരുത്. എന്നിരുന്നാലും, അതുപോലുള്ള വിലക്ക് നമ്മുടെ നിലനില്പിലുടനീളം നാം നയിക്കേണ്ട നമ്മുടെ ആത്മീയ ജീവിതത്തിന് ബാധകമാകരുത്. ക്രിസ്തീയ വേല വളരുന്നത് കൂട്ടായ്മയിലൂടെയും ദൈവവുമായുള്ള വേലയിലുമാണ്. ദൈവസാന്നിദ്ധ്യം പരിശീലിക്കാവുന്ന വഴികളിൽ ഒന്നാണ് വേല. നമ്മുടെ ആത്മീയ ജീവിതത്തെ തട്ടുകളായി തിരിക്കുക, ദൈവത്തെ ഒരു ദിവസത്തേക്കോ, ഒരു മണിക്കൂറിലേക്കോ, അല്ലെങ്കിൽ ജീവിതത്തിന്റെ ഒരു മേഖലയിലേക്കു മാത്രം ആക്കുക എന്നത് മറ്റു മേഖലകളിൽ ദൈവത്തിന്റെ സാന്നിദ്ധ്യം തന്നെ തിരസ്കരിക്കുക എന്നാണ്.

**രണ്ടു ചോദ്യങ്ങൾ: ഒന്നാമത്, നിശ്ചയമായും നിങ്ങൾ നിങ്ങളുടെ ആത്മീയ ജീവിതത്തെ ഉപവിഭാഗങ്ങളായി തിരിക്കുന്നുണ്ടോ എന്നു നിങ്ങളോടുതന്നെ ചോദിക്കുക. രണ്ടാമത്, അങ്ങനെ ചെയ്യുന്നുവെങ്കിൽ, എങ്ങനെയാണ് നിങ്ങൾ ചെയ്യുന്നതിലൊക്കെ ആത്മീയത വാഴ്ച നടത്തുന്നതിന് അനുവദിക്കാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കാൻ കഴിയും?**

## കൂടുതൽ പഠനത്തിന് വായിക്കുക:

**ഉല്പത്തി 3; സഭാപ്രസംഗി 2:18–23; എഫെസ്യർ 6:5–8; എലൻ ജി. വൈറ്റ്, "The Temptation and Fall", pp. 52-62, Patriarchs and Prophets, വായിക്കുക.**

വേല - ഒരു അനുഗ്രഹമോ ശാപമോ? അതു പാപശാപത്തിന്റെ ഒരു ഭാഗമായി വന്നതാണെന്ന് തോന്നുന്നു (ഉല്പത്തി 3:17). കൂടുതൽ ശ്രദ്ധയോടെ വായിച്ചാൽ നില മാണ് ശപിക്കപ്പെട്ടത്, അല്ലാതെ വേല അല്ല എന്ന് വെളിവാകും. എലൻ ജി. വൈറ്റ് രേഖപ്പെടുത്തുന്നത് ദൈവം ഈ ദൗത്യത്തെ ഒരു അനുഗ്രഹമായി പ്രവർത്തിക്കാനാണ് ഉദ്ദേശിച്ചതെന്നാണ്.

"ഇനി മുതൽ മനുഷ്യന്റെ ഭാഗമാകേണ്ടിയിരുന്ന അദ്ധ്വാനത്തിന്റെയും വിഷമങ്ങളുടെയും ജീവിതം സ്നേഹത്തിൽ നിയോഗിക്കപ്പെട്ടതാണ്. അത് അവന്റെ പാപത്താൽ ആവശ്യമായി വന്ന ഒരു അച്ചടക്കമാണ്, വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും മേൽ ഒരു തടയിടുന്നതിന്, സ്വയനിയന്ത്രണത്തിന്റെ ശീലങ്ങൾ വളർത്തിയെടുക്കുന്നതിന്. പാപത്തിന്റെ അധഃപതനത്തിൽനിന്നും നാശത്തിൽനിന്നും മനുഷ്യനെ വീണ്ടെടുക്കുന്നതിനുള്ള ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഒരു ഭാഗമായിരുന്നു അത്-" Patriarchs and Prophets, p. 60.

ഒരുപക്ഷേ നാം അതിനെ വിരസതയിലൂടെയും, അമിതാദ്ധ്വാനത്തിലൂടെയും, നമ്മുടെ ജീവിതങ്ങളിലുള്ള അതിന്റെ പങ്കിന് അമിതമൂല്യം നൽകിക്കൊണ്ടും അതിനെ ഒരു ശാപമായി മാറ്റിയിട്ടുണ്ടോ? നമ്മുടെ സാഹചര്യം എന്തുതന്നെ ആയാലും, നാം വേലയെ അതിന്റെ ശരിയായ കാഴ്ചപ്പാടിൽ വെക്കാൻ നാം പഠിക്കണം. ക്രിസ്തീയ വിദ്യാഭ്യാസം വേലയുടെ മൂല്യം മനസ്സിലാക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നതിൽ സഹായിക്കണം, അതേസമയം അതിനെ ഒരു വിഗ്രഹമാക്കിത്തീർക്കാതിരിക്കാനും ശ്രദ്ധിക്കണം.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **സഭാപ്രസംഗി 2:18–24 വായിക്കുക. വേദപുസ്തകത്തിന്റെ ഒരേ ഭാഗത്ത് ശലോമോന് എങ്ങനെയാണ് വേലയെ ഒരു അനുഗ്രഹമായും ഒരു ശാപമായും കണക്കാക്കാൻ കഴിയുക? നാം നമ്മുടെ വേലയെ എങ്ങനെ സമീപിക്കുന്നു എന്നതിൽ എന്തു വ്യത്യാസമാണ് ഉണ്ടാക്കാൻ കഴിയുക? വാക്യത്തിലെ സൂചനകൾ എന്താണ്?**

2. **നാം വേലയിലൂടെയാണ് നമ്മുടെ കുടുംബങ്ങളെ പരിപാലിക്കുന്നത്. നമ്മുടെ വേലയെക്കുറിച്ചുള്ള ഒരു ക്രിയാത്മകമായ മനോഭാവം എങ്ങനെയാണ് നമ്മുടെ കുടുംബാംഗങ്ങൾക്ക് കൈമാറാൻ കഴിയുക?**

3. **മേന്മയേറിയ ഒരു വേല ചെയ്യുന്നതും വേലയിൽ അത്യാസക്തി കാണിക്കുന്നതും തമ്മിലുള്ള വര ചിലപ്പോഴൊക്കെ വളരെ നേർത്തതായിരിക്കും. ആ വര മറിച്ചുകടക്കുന്നതിൽനിന്ന് നാം എങ്ങനെ സൂക്ഷിക്കും? (സഭാപ്രസംഗി 2:23 കാണുക).**

4. **പൗലൊസ് വളരെ വ്യക്തമായി പ്രസ്താവിച്ചു: "വേല ചെയ്‌വാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്" (2 തെസ്സലൊനീക്യർ 3:10). ഈ തത്വം, നിശ്ചയമായും, വളരെ യുക്തിയുള്ളതാണ്. അതു ബാധകമല്ലാത്ത ചില ഉദാഹരണങ്ങൾ എന്തൊക്കെ ആയിരിക്കും? അതായത്, ഇത് ഒരിക്കലും ലംഘിക്കപ്പെടാൻ പാടില്ലാത്ത ഒരു കടുകട്ടിയുള്ള നിയമമായി മാറാതിരിക്കാൻ നമുക്ക് എന്തുകൊണ്ട് ഉറപ്പുണ്ടായിരിക്കണം?**

* * *